ഉത്തരം

(എ) മൊബൈൽ ടവറുകൾ ഉൾപ്പെടുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണത്തിൽ പാലിക്കേണ്ട പ്രത്യേക വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XIX-ൽ പ്രതിബാധിക്കുന്നുണ്ട്. മൊബൈൽ ടവർ നിർമ്മാണാനുമതി നൽകുന്നത് സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള സർക്കുലറുകൾ പ്രകാരം ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

1. 13-3-2009-ലെ 2750/ആർ.ഡി 2/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

2. 10-8-2009-ലെ 2750(2) ആർ.ഡി2/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

3. 30-10-2010-ലെ 11414/ആർ.ഡി2/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.

ഇവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) ജനവാസ കേന്ദ്രങ്ങളിൽ ടവർനിർമ്മാണത്തിനുള്ള സ്ഥലം സംബന്ധിച്ച് പൊതുജനങ്ങൾക്ക് എതിർപ്പുള്ള പക്ഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 10-8-2009-ലെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ഖരമാലിന്യ സംസ്കരണ പദ്ധതികൾ**

167(375) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖരമാലിന്യ സംസ്കരണപദ്ധതികൾ വികേന്ദ്രീകരിച്ചു നടപ്പാക്കുന്നതു വഴി കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഗാർഹിക മാലിന്യസംസ്കരണപ്ലാന്റുകളുടെ വ്യാപനത്തിലൂടെ പാചകവാതക ദൗർലഭ്യം ഇല്ലാതാക്കുന്നതിനും, മലിനീകരണം തടയുന്നതിനും കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഗാർഹികമാലിന്യ സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) തദ്ദേശസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സൊസൈറ്റികൾ എന്നിവ വഴി കൂടുതൽ ഗാർഹിക മാലിന്യസംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പരിശീലനവും പ്രോത്സാഹനവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഖരമാലിന്യ പരിപാലനത്തിനായി കേന്ദ്രീകൃതവും, വികേന്ദ്രീകൃതവുമായിട്ടുള്ള രീതികളാണ് പ്രോത്സാഹിച്ചു വരുന്നത്. വികേന്ദ്രീകൃതമായ രീതി അവലംബിക്കുന്നതിലൂടെ കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തിനുപരി മാലിന്യങ്ങൾ സ്രോതസ്സിൽ വച്ചു തന്നെ സംസ്ക്കരിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വികേന്ദ്രീകൃതമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഗാർഹികതലത്തിലും, സ്ഥാപനതലത്തിലും, ചന്തകളിലും ഉണ്ടാകുന്ന, ജൈവ ജീർണ്ണനം നടക്കുന്ന മാലിന്യങ്ങൾ, വളക്കുഴി കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്,റിംഗ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉറവിടത്തിൽ തന്നെ കഴിയുന്നത്ര വികേന്ദ്രീകരിച്ച് മാലിന്യം സംസ്കരിക്കാനാണ് ഊന്നൽ നൽകി വരുന്നത്. വികേന്ദ്രീകൃതമായി സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതോടൊപ്പം തന്നെ പൊതു മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താനും പ്രോത്സാഹനം നൽകി വരുന്നു. പൊതു മാലിന്യസംസ്കരണത്തിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കഴിയുന്നത്ര കുറയ്ക്കാനാണ് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിച്ചു വരുന്നത്. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള മുഖ്യ പ്രതിബന്ധം സ്ഥല ലഭ്യതയും പ്രാദേശികമായി ഉയർന്നുവരുന്ന പൊതുജനങ്ങളുടെ എതിർപ്പുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗാർഹിക മാലിന്യ സംസ്ക്കരണത്തിനായി വിവിധരീതിയിൽ പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിൽ വളക്കുഴി കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, വെർമികമ്പോസ്റ്റിംഗ്, ബയോഗ്യാസ് ഉൽപ്പാദനം എന്നിവ ഉൾപ്പെടുന്നു. ഇതിൽ, ബയോഗ്യാസ് ഉൽപ്പാദന സാങ്കേതിക വിദ്യ അവലംബിക്കുന്നതിലൂടെ ലഭിക്കുന്ന ബയോഗ്യാസ് വീടുകളിലെ പാചക വാതകമാക്കി ഉപയോഗിക്കുക വഴി നിലവിൽ വീടുകളിൽ ഉപയോഗിക്കുന്ന എൽ.പി.ജി.-യുടെ ഉപയോഗം ചെറിയ തോതിലെങ്കിലും കുറയ്ക്കുന്നതിനും, മാലിന്യസംസ്കരണം ഉറപ്പാക്കുന്നതിനും സഹായകരമാകും. എന്നാൽ ഇപ്പോൾ നിലനിൽക്കുന്ന പാചകവാതക ദൗർലഭ്യം ഇല്ലാതാക്കാൻ ഇതുവഴി സാധിക്കുന്നതല്ല. ഗാർഹിക മാലിന്യ സംസ്കരണരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രധാനമായും മാലിന്യങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നം കുറയ്ക്കുന്നതിന് സാധിക്കും.

(സി) ഒരു വാർഡിനെയോ, അതിൽ കൂടുതൽ വാർഡുകളെയോ, മാലിന്യ മുക്ത വാർഡുകളായി മാറ്റുന്നതിന് ലക്ഷ്യമിട്ട്,അവിടങ്ങളിൽ ഗാർഹിക മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിന് സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരംവെർമി കമ്പോസ്റ്റർ യൂണിറ്റുകൾ, റിംഗ് കമ്പോസ്റ്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റുകൾക്ക് (0.5m3 0 1m3 ശേഷിയുള്ള )അടങ്കൽ തുകയുടെ 50%സബ്സിഡി നൽകാനാണ് അനുമതി നൽകിയിട്ടുള്ളത്. അതിനുപുറമെ ഇത്തരം സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനായിട്ടുള്ള സാങ്കേതിക സഹായം ശുചിത്വ മിഷനിലൂടെ ലഭ്യമാക്കി വരുന്നു.ഗാർഹിക തലത്തിലുള്ള വെർമി കമ്പോസ്റ്റിംഗ് യൂണിറ്റിന് 400 രൂപയും, റിംഗ് കമ്പോസ്റ്റിംഗിന് യൂണിറ്റിന് 600 രൂപയും,ബയോഗ്യാസ് പ്ലാന്റുകൾക്ക് 1/2 m3-ന് 1500 രൂപയും, 1 m3-ന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവയ്ക്ക് 2800 രൂപയ്ക്കും അല്ലാത്തവർക്കുള്ളവയ്ക്ക് 2100 രൂപയ്ക്കും സബ്സിഡി നൽകാൻ അനുവാദം നൽകിയിട്ടുണ്ട്.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് പ്രോത്സാഹനം നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനായി പഞ്ചായത്തുകളുടെ പദ്ധതികൾക്ക് ജില്ലാ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതി വഴി. ഭാഗിക സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങളും ഉൾപ്പെടുന്നുണ്ട്.

സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, പ്രവൃത്തി പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ജില്ലാതലത്തിൽ പരിശീലനം നൽകുന്നതിന് ശുചിത്വ മിഷൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗീകൃത സേവനദാതാക്കളുടെ സേവനവും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിൽ സൊസൈറ്റികളും സന്നദ്ധ സംഘടനകളും ഉൾപ്പെടുന്നുണ്ട്.

**തലശ്ശേരി പെട്ടിപ്പാലം മാലിന്യപ്രശ്നം**

168(376) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി പെട്ടിപ്പാലം പ്രദേശത്തെ മാലിന്യം കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലശ്ശേരി പെട്ടിപ്പാലത്ത് മാലിന്യ നിക്ഷേപം നടത്തുന്നതിനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തലശ്ശേരി പെട്ടിപ്പാലത്തെ മാലിന്യ നിക്ഷേപം കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തലശ്ശേരി നഗരസഭയോ സർക്കാരിന്റെ ഏതെങ്കിലും ഏജൻസിയോ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ റിപ്പോർട്ട് വെളിപ്പെടുത്തുമോ ;

(ഡി) തലശ്ശേരി പെട്ടിപ്പാലത്തെ മാലിന്യ നിക്ഷേപം നീക്കം ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ;

(ഇ) തലശ്ശേരി പെട്ടിപ്പാലത്തെ മാലിന്യം നീക്കം ചെയ്ത് പരിസര വാസികൾക്കും, പൊതുജനങ്ങൾക്കും ഉള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) തലശ്ശേരി പെട്ടിപ്പാലത്ത് മാലിന്യ നിക്ഷേപം നടത്തുന്നത് കർശനമായി നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തലശ്ശേരി നഗരസഭയിലെ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നഗരസഭ തയ്യാറാക്കിയിട്ടുള്ള 147.30 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക്, സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതും, ഭാഗിക സാമ്പത്തിക സഹായമായി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly